DESPATCHED
On 08/06/2020

20/03/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1203(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7674/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. അയ്യപ്പൻ പിള്ള ടി.കെ.,
പ്രണവം ഹൗസ്,
ചിറ ലെയിൻ – 1,
കൊടിക്കുന്നുമല, അശോകപുരം,
ആലുവ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ആഫീസർ,
വില്ലേജ് ഓഫീസ്, വാഴക്കുളം സൗത്ത്,
വാഴക്കുളം, ആലുവ.

2. അപ്പീൽ അധികാരി & തഹസിൽദാർ,
താലൂക്ക് ഓഫീസ്, കുന്നത്തുനാട്,
പെരുമ്പാവൂർ – 683 542.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15/12/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/02/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19/01/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11/02/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08/05/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 11/05/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/06/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/06/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15/02/2020, 20/03/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി – 20/3/2020 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അയ്യപ്പൻ പിള്ള ടി.കെ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും നൽകിയില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതുപ്രകാരം ഒന്നാം എതിർക്ഷിയുടെ

ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുള്ളതാണെന്നും രണ്ടാം എതിർകക്ഷി അപ്പീൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ഒന്നാം എതിർകക്ഷി അപ്പീൽ അധികാരിയുടെ ഉത്തരവ് നടപ്പാക്കിയില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. എറണാകുളം ജില്ല, പെരുമ്പാവൂർ സബ് ഡിസ്ട്രിക്ട്, കുന്നത്തുനാട് താലൂക്ക്, വാഴക്കുളം വില്ലേജിലെ തെക്കേ വാഴക്കുളം കരയിൽ ബ്ലോക്ക് നം. 24 സർവ്വെ 278/8/2-ൽ 3 ആർ 34 ച.മീ. സ്ഥലം സംബന്ധിച്ച് പെരുമ്പാവൂർ എസ്.ആർ.ഒ.യിലെ 27.6.2007-ലെ 4336 നമ്പർ തീരാധാരപ്രകാരം മേൽപ്പടി വില്ലേജിൽ 5992 തണ്ടപ്പേരിലുള്ള വസ്തുവകകളുടെ ബേസിക് ടാക്സ് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ, പോക്കുവരവ് രജിസ്റ്ററിന്റെ പകർപ്പ് എന്നിവ നൽകണമെന്നും

ii. മേൽപ്പടി വസ്തു 6540 തണ്ടപ്പേരിലായതിന്റെ സപ്പോർട്ടിംഗ് ഡോക്യുമെന്റുകളുടെ പകർപ്പ്, ബി.റ്റി.ആർ., തണ്ടപ്പേർ, പോക്കുവരവ് രജിസ്റ്ററിന്റെ പകർപ്പും നൽകണമെന്നും

iii. പെരുമ്പാവൂർ സബ് കോടതിയിൽ നിന്നും ഒ.എസ്. 82/2009-ൽ ലഭിച്ച അറ്റാച്ച്മെന്റ് ഓർഡറിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലുമുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭിച്ചില്ല എന്നു പ്രസ്താവിച്ച് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് തേടിയെങ്കിലും ആയത് സമർപ്പിച്ചില്ല എന്നും ഒന്നാം എതിർകക്ഷി വിചാരണയ്ക്ക് ഹാജരായില്ല എന്നും ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി യാതൊരു വിവരവും നൽകിയിട്ടില്ല എന്നു കാണുന്നു എന്നും ആയതിനാൽ ഒന്നാം എതിർകക്ഷിയെ താക്കീത് ചെയ്യുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഫീസ് ഈടാക്കാതെ തന്നെ 7 ദിവസങ്ങൾക്കകം നൽകണമെന്നുമാണ്. തുടർന്ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, കുന്നത്തുനാട് താലൂക്ക്, വാഴക്കുളം വില്ലേജ്, ബ്ലോക്ക് 24, റീസർവ്വെ 278/8-2-ൽപ്പെട്ട 3.34 ആർ വസ്തു പോക്കുവരവ് ചെയ്തതു സംബന്ധിച്ച് ഹർജിക്കാരൻ വിവരങ്ങൾ തേടിയിരുന്നു എന്നും അലിയാർ മകൻ മുഹമ്മദിന്റെ കൈവശത്തിലിരുന്നതാണ് പരാമർശിത വസ്തു എന്നും 5.6.18-ലെ ടി.ആർ.നം.186/18 പ്രകാരം മേൽപ്പടി വസ്തു 6540-ാം നമ്പർ തണ്ടപ്പേരിലേക്ക് പോക്കുവരവ് ചെയ്തിട്ടുള്ളതാണന്നും വില്ലേജ് റിക്കോർഡുകൾ പരിശോധിച്ചതിൽ 6540-ാം നമ്പർ തണ്ടപ്പേരു പ്രകാരം ബ്ലോക്ക് 24 സർവ്വെ 278/8-2-ൽ 3.34 ആർ വസ്തു ആലുവ താലൂക്ക് വെസ്റ്റ് വില്ലേജ് തായ്ക്കാട്ട് കരയിൽ നാപ്പാടൻ എന്നും എഴുതി വരുന്ന പരീതു മകൻ മുഹമ്മദ് പേരിലാണുള്ളതെന്നും പെരുമ്പാവൂർ സബ് കോടതിയിലെ ഐ.എ. 628/09, ഒ.എസ്. 85/09 എന്നിവ പ്രകാരമുള്ള അറ്റാച്ച്മെന്റ് ഓർഡർ 2009-ലും മേൽപ്പടി കോടതിയിലെ ഒ.എസ്. 140/12 തീയതി 8.8.12 പ്രകാരവുമുള്ള

അറ്റാച്ച്മെന്റ് ഓർഡർ 29.9.12–ലും തണ്ടപ്പേരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും മേൽ അറ്റാച്ച്മെന്റുകൾ യഥാക്രമം 7.4.16–ലും 31.1.15–നും ഒഴിവാക്കിയ ഉത്തരവ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും അതിനുശേഷം 5.6.18 തീയതി മേൽപ്പടി വസ്തു പോക്കുവരവ് ചെയ്തതായി കാണുന്നു എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയത് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചതിനുശേഷമാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ മേൽ വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളിൽ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമായവ ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുള്ളതായി കാണുന്നു. ആയത് ലഭ്യമായിട്ടില്ല എന്നു പ്രസ്താവിച്ച് ഹർജിക്കാരൻ ഒന്നാം എതിർകക്ഷി ഓഫീസിൽ ഹാജരാവുകയാണെങ്കിൽ മേൽപ്പടി രേഖകളുടെ പകർപ്പുകൾ ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *